**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1099** **15-10-2026-ൽ മറുപടിയ്ക്ക്**

**തദ്ദേശ റോഡുകൾ ഏറ്റെടുക്കുന്നതിന് നടപടി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. വർഗീസ് മാമ്മൻ — ശ്രീ. പി. കെ. ബഷീർ

ശ്രീ. റെജി ചെറിയാൻ — (പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്ന നടപടികൾ അവസാനമായി നടപ്പാക്കിയത് എന്നാണെന്നും ഇപ്രകാരം റോഡുകൾ ഏറ്റെടുക്കുന്നതിന്റെ മാനദണ്ഡങ്ങളും വിശദമാക്കുമോ;

**മറുപടി:** 15/01/2013-ലെ G.O (MS) No. 6/2013/PWD എന്ന സർക്കാർ ഉത്തരവ് പ്രകാരമാണ് തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ അവസാനമായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തത്. പുതുതായി റോഡുകൾ ഏറ്റെടുക്കുന്നത് സംബന്ധിച്ച ഭാവിയിൽ നയരൂപീകരണമുണ്ടാകുന്ന പക്ഷം മാനദണ്ഡങ്ങൾ പുറപ്പെടുവിക്കുന്നതാണ്.

**(ബി)** പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തിയിൽപ്പെട്ട റോഡുകൾ ഒറ്റത്തവണയായി നവീകരിച്ച നടപടികൾ എന്നാണ് അവസാനമായി നടപ്പാക്കിയത്; നിലവിലെ സർക്കാർ ഇത്തരം നവീകരണം നടപ്പാക്കിയിട്ടുണ്ടോയെന്നും ഇനി നടപ്പാക്കാൻ ലക്ഷ്യമിടുന്നുണ്ടോയെന്നും അറിയിക്കുമോ;

**മറുപടി:** 21/12/2015-ലെ G.O (MS) No. 109/2015/PWD പ്രകാരം ഒറ്റത്തവണ അറ്റകുറ്റപ്പണികൾക്കായി ഭരണാനുമതി നൽകിയ പ്രവൃത്തികളാണ് പൊതുമരാമത്ത് വകുപ്പ് അവസാനമായി നിർവഹിച്ചിട്ടുള്ളത്.

**(സി)** പൊതുമരാമത്ത് വകുപ്പിന്റെ ആസ്തിയിലേക്ക് കൂടുതൽ തദ്ദേശ റോഡുകൾ ചേർക്കുന്നതിന് പദ്ധതിയുണ്ടോ എന്നും ഇതിനായി എന്ത് ബാധ്യത ഉണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോയെന്നും അറിയിക്കുമോ; പ്രസ്തുത പദ്ധതിയുടെ അർഹതാ മാനദണ്ഡം എന്താണെന്നും വിശദമാക്കുമോ;

**മറുപടി:** തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകൾ ഒന്നും തന്നെ ഇപ്പോൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നില്ല.

**(ഡി)** ദേശീയപാതകളെയും സംസ്ഥാനപാതകളെയും പ്രധാന ജില്ലാ റോഡുകളെയും തമ്മിൽ ബന്ധിപ്പിക്കുന്ന ലിങ്ക് റോഡുകളായി ഉപയോഗിക്കുന്ന തദ്ദേശ റോഡുകൾ പൊതുമരാമത്ത് വകുപ്പ് ഏറ്റെടുക്കുന്നതിന് പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ; വ്യക്തമാക്കുമോ ?

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**